**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1537** **19-06-2024 - ൽ മറുപടിയ്ക്ക്**

**പട്ടയം ലഭിക്കാത്ത കൈവശക്കാരുടെ വിവരശേഖരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 01.01.1977-ന് മുൻപായി വനഭൂമിയിൽ കുടിയേറിയതും നാളിതുവരെ പട്ടയം ലഭിക്കാത്തതുമായ കൈവശക്കാരുടെ വിവര ശേഖരണത്തിലൂടെ സംസ്ഥാനത്തെ വിവിധ വില്ലേജുകൾ വഴി ആകെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 01.01.1977-ന് മുൻപായി വനഭൂമിയിൽ കുടിയേറി താമസിച്ച് വരുന്നവരുടെ യോഗ്യതയ്ക്കനുസൃതമായി പട്ടയം നൽകാനുള്ള നടപടിയുടെ ഭാഗമായി നടത്തുന്ന വിവര ശേഖരണത്തിൽ വിവിധ വില്ലേജ് ഓഫീസുകൾ മുഖേന 37311 കൈവശക്കാരുടെ വിവരങ്ങൾ ലഭ്യമായിട്ടുണ്ട്. |
| (ബി) | പ്രസ്തുത അപേക്ഷകളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശം ലഭ്യമാക്കുമോ? | (ബി) | സംയുക്ത പരിശോധന (JV) നടന്നയിടങ്ങളിൽ JV ലിസ്റ്റിൽ ഉൾപ്പെടാതെ പോയവർ, JV നടന്നിട്ടില്ലാത്ത സ്ഥലങ്ങളിലെ താമസക്കാർ, നാളിതുവരെ പല കാരണങ്ങളാൽ പട്ടയത്തിനായി അപേക്ഷിക്കാത്തവർ എന്നിവരുടെ സമഗ്രമായ വിവര ശേഖരണമാണ് നടത്തിയത്. പ്രസ്തുത വിവരങ്ങൾ പരിശോധിച്ച് അത്തരം കൈവശക്കാർക്ക് 1993 ലെ (01/01/1977 ന് മുൻപ് വന ഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങൾ പ്രകാരം പട്ടയം അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. വനഭൂമിയിൽ കുടിയേറിയിട്ടുള്ള വലിയൊരു വിഭാഗം കർഷകർക്ക് ഇതുവരേയും പട്ടയത്തിന് അപേക്ഷ സമർപ്പിക്കാൻ കഴിയാത്ത വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവരിൽ പലരും 1977 ന് മുൻപ് കുടിയേറിയവരോ അവരുടെ പിൻഗാമികളോ ആണ്. അജ്ഞത മൂലമോ, അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്ന തെറ്റിദ്ധാരണ മൂലമോ മറ്റ് പലവിധ കാരണങ്ങളാലോ ആണ് അപേക്ഷ നൽകാൻ കഴിയാതെ പോയിട്ടുള്ളത്. ഈ പ്രശ്നം പരിഹരിക്കാൻ സംസ്ഥാന വനം-റവന്യൂ വകുപ്പ് മന്ത്രിമാർ കേന്ദ്ര വനം പരിസ്ഥിതി മന്ത്രിയെ സന്ദർശിക്കുകയും കേരളത്തിലെ ഈ പ്രത്യേക സാഹചര്യം വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുവരെ അപേക്ഷ നൽകാൻ കഴിഞ്ഞിട്ടില്ലാത്ത അർഹതയുള്ള കുടിയേറ്റക്കാരിൽ നിന്നും അപേക്ഷ സ്വീകരിക്കുന്നതിനുള്ള അനുവാദം നൽകുന്നതിന് |

| | | | |
|---|---|---|---|
| | | | ഉടൻ നടപടി സ്വീകരിക്കുമെന്നും കേന്ദ്ര സർക്കാർ ഉറപ്പ് നൽകിയിട്ടുണ്ട്. വളരെ പെട്ടെന്ന് തന്നെ കർഷകരിൽ നിന്നും 1977 ന് മുൻപുള്ള കൈവശം സംബന്ധിച്ച രേഖകൾ സഹിതം പുതിയ അപേക്ഷ വാങ്ങുകയും സമയബന്ധിതമായി ജോയിന്റ് വെരിഫിക്കേഷൻ പൂർത്തീകരിക്കുകയും ചെയ്യും. ഇക്കാര്യത്തിൽ സംസ്ഥാന വനം വകുപ്പ് എല്ലാ വിധ പിന്തുണയും വാഗ്ദാനം ചെയ്തിട്ടുണ്ട്. ജെ.വി.ആർ പൂർത്തീകരിച്ച് കഴിഞ്ഞാൽ സാങ്കേതികമായ പിഴവുകൾ ഇല്ലാതെ പരിവേഷ് പോർട്ടൽ വഴി അപ്ലോഡ് ചെയ്തു കൊണ്ട് കേന്ദ്രാനുമിതി വാങ്ങി പട്ടയം നൽകുക എന്നുള്ളതാണ് ലക്ഷ്യം. കേന്ദ്രാനുമതി വേഗതയിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏകോപിപ്പിക്കാൻ സംസ്ഥാന ലാന്റ് റവന്യൂ കമ്മീഷണറേയും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിലെ ഒരു ഉയർന്ന ഉദ്യോഗസ്ഥനേയും നോഡൽ ഓഫീസറായി ചുമതലപ്പെടുത്തി കഴിഞ്ഞു. ഇതോടെ മലയോര മേഖലയിൽ നിലനിൽക്കുന്ന പട്ടയ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരമാവും. ഈ സർക്കാരിന്റെ കാലത്ത് തന്നെ മലയോര മേഖലയിലെ അർഹരമായ മുഴുവൻ കർഷകർക്കും പട്ടയം നല്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ